# തലമറന്ന് എണ്ണതേച്ചാൽ

തലയുയർത്തിപ്പിടിച്ച് നിൽക്കുന്ന കേരളത്തിൻെറ അന്തസ്സിൻെറ പ്രതീകമായിരുന്നു കേരവൃക്ഷം. എന്നാൽ, അത് ഇന്ന് ഒരു സുന്ദര ഗതകാലസ്മരണ മാത്രമാവുകയാണ്. കഴിഞ്ഞ കുറച്ചുകാലമായി കേരളത്തിലെ കേരകർഷകരുടെ അവസ്ഥ ഒട്ടും ആശാവഹമല്ലെന്ന് മാത്രമല്ല, തീർത്തും ദയനീയവുമാണ്. തേങ്ങയുടെയും കൊപ്രയുടെയും വിലയില്ലായ്മതന്നെയാണ് പ്രശ്നം. ഇപ്പോഴത്തെ നില തുടരുകയാണെങ്കിൽ ആസന്നഭാവിയിൽത്തന്നെ കേരകൃഷി കേരളത്തിൽ വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന കൃഷിയുടെ പട്ടികയിൽ ചെന്നുചേരും. ഇക്കാര്യത്തിൽ തലമറന്ന് എണ്ണതേയ്ക്കുന്ന സർക്കാർനിലപാടുകൾ ആത്മഹത്യാപരമാണ്.

കേരകർഷകർക്ക് തീർത്തും ആശങ്കയുളവാക്കുന്ന നിലപാടാണ് കേന്ദ്രസർക്കാറിൻെറ ഭാഗത്തുനിന്ന് ഉണ്ടായിട്ടുള്ളത്. കൊപ്രസംഭരണത്തിൽ നാഫെഡിനുണ്ടാകുന്ന നഷ്ടത്തിൻെറ 15 ശതമാനംമാത്രമേ വഹിക്കാനാവൂ എന്ന നിലപാടാണ് കേരളത്തിലെ കൊപ്രസംഭരണത്തെ ഇപ്പോൾ തുടക്കത്തിൽത്തന്നെ പ്രതിസന്ധിയിലാക്കിയിട്ടുള്ളത്. മുൻവർഷങ്ങളിൽ നാഫെഡിൻെറ നഷ്ടം നികത്തിയിട്ടുള്ളത് കേന്ദ്രസർക്കാറാണ്. എന്നാൽ, കേന്ദ്രം നിലപാട് മാറ്റിയതോടെ നഷ്ടം സഹിച്ച് കൊപ്രസംഭരിക്കാൻ നാഫെഡ് തയ്യാറാകില്ല. അതോടെ കേരകർഷകരുടെ കൈയിൽ കെട്ടിക്കിടക്കുന്ന കൊപ്രശേഖരം കർഷകരുടെ മാത്രം തലവേദനയായി മാറുകയാണ്.

കഴിഞ്ഞവർഷം കിലോഗ്രാമിന് 51 രൂപക്കാണ് നാഫെഡ് കേരളത്തിലെ കർഷകരിൽനിന്ന് കൊപ്ര സംഭരിച്ചത്. 30,000 ടൺ സംഭരിക്കാൻ ലക്ഷ്യമിട്ടെങ്കിലും 19,000 ടൺ മാത്രമാണ് സംഭരിച്ചത്. 2010-ൽ ഇത് 6,000 ടൺ മാത്രമായിരുന്നു. ഇക്കഴിഞ്ഞ ജനവരിയിലാണ് കൊപ്രയുടെ താങ്ങുവില 150 രൂപ കൂട്ടി ക്വിൻറലിന് 5,250 രൂപയാക്കി ഉയർത്തിയത്. കിലോക്ക് 52.50-ന് സംഭരിക്കുന്ന കൊപ്ര നാഫെഡിൻെറ ഗോഡൗണിലെത്തിക്കുമ്പോഴേക്കും അത് 56 രൂപയിലധികമാകും. എന്നാൽ, ഇപ്പോഴത്തെ വിപണിവില 46 രൂപയാണ്. ആ നിലക്ക് കിലോക്ക് 10 രൂപ നഷ്ടമുണ്ടാകും. ഈ നഷ്ടം കേന്ദ്രസർക്കാർ നികത്തില്ലെന്ന നിലപാടാണ് നാഫെഡിനും അതുവഴി കേരളത്തിലെ കേരകർഷകർക്കും തിരിച്ചടിയായത്. കൊപ്രക്ക് പ്രഖ്യാപിച്ച താങ്ങുവിലയുടെ നേട്ടം ഇതോടെ കർഷകർക്ക് അപ്രാപ്യമാകും.

കൊപ്രയുടെ അവസ്ഥയേക്കാൾ ഗുരുതരമാണ് തേങ്ങയുടേത്. കഴിഞ്ഞദിവസം കേരളത്തിലെ എം.പി.മാരുടെയും മന്ത്രിമാരുടെയും സംയുക്തയോഗം തേങ്ങയുടേതടക്കമുള്ള കാർഷിക ഉത്പന്നങ്ങളുടെ വിലയിടിവ് പരിഹരിക്കാൻ കേന്ദ്രസർക്കാറിൽ സമ്മർദം ചെലുത്താൻ തീരുമാനമെടുത്തിട്ടുണ്ട്. സബ്സിഡികളും ആനുകൂല്യങ്ങളും നിരന്തരം വെട്ടിക്കുറച്ചുകൊണ്ടിരിക്കുന്ന കേന്ദ്രസർക്കാർ നയങ്ങളുടെ പശ്ചാത്തലത്തിൽ ഈ ആവശ്യങ്ങൾക്ക് എത്രമാത്രം പരിഗണനകിട്ടുമെന്ന കാര്യം സംശയമാണ്. കാരണം രാജ്യത്തെ സാമ്പത്തികസ്ഥിതി കണക്കിലെടുത്താണ് ഇപ്പോൾ കൊപ്രസംഭരണത്തിലെ നഷ്ടം നികത്തുന്നതിന് പരിധി നിശ്ചയിച്ചതെന്നാണ് ധനമന്ത്രാലയത്തിൻെറ നിലപാട്.

കേരളത്തിലെ കേരകർഷകർ സ്വന്തം ഉത്പന്നങ്ങൾക്ക് മറ്റു വിപണനസാധ്യതകൾ തേടേണ്ടതിൻെറ ആവശ്യകതയിലേക്കും ഇത് വിരൽചൂണ്ടുന്നുണ്ട്. ഉദാഹരണത്തിന് കേരളത്തിൽ പ്രതിദിനം വർധിച്ചുവരുന്ന ഒരുവിപണിയാണ് ഇളനീരിൻേറത്. എന്നാൽ, ഇത് ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നത് കേരളത്തിനുപുറത്തുള്ള കേരകർഷകരാണ്. 15 മുതൽ 25 വരെ രൂപ വില ഈടാക്കപ്പെടുന്ന ഇളനീർ വിപണിയുടെ സിംഹഭാഗവും മറുനാടൻ കർഷകരാണ് പ്രയോജനപ്പെടുത്തുന്നത്. ഇളനീരിനായിമാത്രം കൃഷി ചെയ്യുന്ന തെങ്ങിൻെറ കാര്യത്തിലും കേരളം വളരെ പിറകിലാണ്. കേരകൃഷിയുടെ കേന്ദ്രമായ കോഴിക്കോട് ജില്ലയിൽ ഇളനീരിനായി കൃഷിചെയ്യുന്ന തെങ്ങുകളുടെ എണ്ണം 160 മാത്രമാണ്. 1,21,688 ഹെക്ടറിൽ തെങ്ങുകൃഷിനടത്തുന്ന കോഴിക്കോട്ടെ കണക്ക് വെച്ചുനോക്കിയാൽ മറ്റുജില്ലകളിലെ അവസ്ഥ ഊഹിക്കാവുന്നതേയുള്ളൂ. ഒരു തേങ്ങ വില്പനക്ക് കൊണ്ടുപോകുമ്പോൾ നാലു രൂപ മുതൽ ആറു രൂപവരെ മാത്രം കിട്ടുന്നിടത്താണ് ഒരു ഇളനീരിന് കമ്പോളത്തിൽ 15 മുതൽ 25 വരെ ഉപഭോക്താവിന് നൽകേണ്ടിവരുന്നത്.

തെങ്ങിൽനിന്ന് ചെത്തിയെടുക്കാവുന്ന നീര എന്ന മധുരക്കള്ളിൻെറ സാധ്യത കേരകർഷകർതന്നെ പലതവണ മുന്നോട്ടുവെച്ചിട്ടുള്ളതാണ്. കൂടാതെ തെങ്ങിൽനിന്ന് വിനാഗിരി, ശർക്കര എന്നിവ ഉണ്ടാക്കിയെടുത്ത് വിൽക്കാനുള്ള അവകാശം കർഷകർക്ക് നൽകാനുള്ള തീരുമാനങ്ങൾ ഉണ്ടാകേണ്ടതുണ്ട്. തെങ്ങ് ഒരു ഖനിയാണ്. കല്പവൃക്ഷമെന്ന് പേരിട്ട് ആദരിച്ചതുകൊണ്ടായില്ല, കേരകർഷകരുടെ അവസ്ഥയറിഞ്ഞ് ആ ഖനി പ്രയോജനപ്പെടുത്താനുള്ള പൂർണ അവകാശം കർഷകർക്ക് നൽകുകയാണ് വേണ്ടത്.

രാജ്യത്തിൻെറ കേരോത്പാദനത്തിൻെറ 40 ശതമാനത്തോളം കേരളത്തിലാണ്. മറ്റേത് സംസ്ഥാനത്തേക്കാളും തേങ്ങയുടെയും കൊപ്രയുടെയുമൊക്കെ ഇറക്കുമതി ബാധിക്കുക കേരളത്തെത്തന്നെയാണ്. പാമോയിൽ ഇറക്കുമതി വെളിച്ചെണ്ണവിപണിയെ ഒരുപരിധിവരെ തകർത്തിട്ടുണ്ട്. 1990-കൾവരെ കേരളം കേട്ടിട്ടുപോലുമില്ലാത്ത പാമോയിൽ, ആഗോളീകരണനയങ്ങളുടെ പ്രതീകമായി ചെറുക്കപ്പെട്ടിട്ടും വിപണിയെ കീഴടക്കുകയാണുണ്ടായത്. ഇത് കേരളത്തിൻെറ പൊതുവായ പ്രശ്നംകൂടിയാണ്. അതിന് പരിഹാരംതേടേണ്ടത് ഒരു ജനവിഭാഗമെന്ന നിലക്കുള്ള നമ്മുടെ അതിജീവനത്തിൻെറ പ്രശ്നം തന്നെയാണ്.